(സി) 2015-16 സാമ്പത്തിക വർഷം കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് നിശ്ചയിച്ച് നൽകിയിട്ടുള്ള വായ്പാ പരിധി 15,605 കോടി രൂപയാണ് (തനി). 2015 സെപ്റ്റംബർ വരെ 7980.19 കോടി രൂപ (തനി) വായ്പയെടുത്തിട്ടുണ്ട്. ഇതിൽ 6274.64 കോടി രൂപ ആഭ്യന്തര കടം ഇനത്തിലും 25.95 കോടി രൂപ കേന്ദ്ര സഹായ വായ്പാ ഇനത്തിലും 1679.6 കോടി രൂപ സ്മാൾ സേവിംഗ്സ്, പ്രോവിഡന്റ് ഫണ്ട് തുടങ്ങിയ ഇനത്തിലുമായിരുന്നു.

(ഡി) 31-3-2011 വരെയുള്ള സംസ്ഥാനത്തിന്റെ കടം 78,673.24 കോടി രൂപയായിരുന്നു. 30-9-2015 വരെയുള്ള സംസ്ഥാനത്തിന്റെ കടം 1,43,420.43 കോടി രൂപയാണ്. 2016 മാർച്ച് 31 ആകുമ്പോഴേയ്ക്കും സംസ്ഥാനത്തിന്റെ കടം 1,53,757.39 കോടി രൂപയാകുമെന്ന് കണക്കാക്കുന്നു.

ചിട്ടികമ്പനികളുടെ തകർച്ച

128 (134) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011-2012, 12-2013 ,13-2014, 14-2015 സാമ്പത്തിക വർഷങ്ങളിലും 2015-16 ൽ ഇതേവരെയും സംസ്ഥാനത്ത് എത്ര ചിട്ടികമ്പനികളാണ് തകർന്നിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; ഇവ ഏതെല്ലാം ; വിശദമാക്കാമോ ;

(ബി) ഇവയിൽ നിക്ഷേപം നടത്തിയ എത്ര ആളുകൾ കബളിപ്പിക്കപ്പെട്ടു ; ഇവർക്കെല്ലാമായി എത്ര തുകയാണ് നഷ്ടപ്പെട്ടത്, വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) രജിസ്ട്രാർ ഓഫ് ചിട്ട്സിന്റെ ഓഫീസിലെ രേഖകൾ പ്രകാരം ഈ കാലയളവിൽ 24 ചിട്ടിക്കമ്പനികൾ തകർന്നിട്ടുണ്ട്. അവ, കൽപ്പറ്റ ജനക്ഷേമ മാരുതി ചിറ്റ്സ്, പൊന്നസ് ചിട്ടി ഫണ്ട്, പ്ലാവിളയിൽ ചിട്ടി ഫണ്ട്, പൊന്നം മഠത്തിൽ ചിട്ടി ഫണ്ട്, കേരളാ ചിട്ടി ഫണ്ട്, മാസ് ഫിനാൻഷ്യൽ സർവീസ്, ഡി&ജെ എന്റർപ്രൈസസ് (3), പ്രിയം ചിറ്റ്സ്, റോയൽ ചിട്ടി ഫണ്ട്, ആപ്പിൾ ട്രീ ചിറ്റ്സ് ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡ്, സൗപർണിക ചിറ്റ്സ്, അമൃതശ്രീ ചിറ്റ്സ് (2), കൈരളി ചിറ്റ്സ്, കാർത്യായനി ചിറ്റ്സ്, അക്ഷയ ചിറ്റ്സ്, ദേശം കറീസ്, ശ്രീരത്നം കറീസ്, ഫെർവന്റ് ചിറ്റ്സ്, ഫ്രെണ്ട്സ് ചിറ്റ്സ്, അനിവാര്യ ചിറ്റ്സ് പ്രൈവറ്റ് ലിമിറ്റഡ്, എയ്മി ചിറ്റ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്നിവയാണ്.

(ബി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly